# ACHARYA
An influential mentor

# THE HINDU

# WEEKLY EDITORIAL ANALYSIS

**14/2/22 to 19/2/22**

**www.acharyainfo.com**

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം
## 'For Something'

ഇൻഡോ പസിഫിക് മേഖലയിൽ തങ്ങൾക്കു തികച്ചും പോസിറ്റീവ് ആയ ലക്ഷ്യങ്ങളാണുള്ളതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ക്വാഡിലാറ്ററൽ കൂട്ടായ്മയുടെ വിദേശ കാര്യ മന്ത്രിതല യോഗം ഓസ്‌ട്രേലിയയിൽ നടന്നു.

ഒരു ബില്യണിൽ കൂടുതൽ ഡോസ് വാക്സിൻ വിതരണം ചെയ്യുമെന്ന് തുടങ്ങി, സുതാര്യമായ 5 ജി സാങ്കേതിക വിദ്യ വരെ യോഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിർത്തി കടന്നുള്ള തീവ്രവാദത്തെ ചെറുക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യക്കു യോഗത്തിൽ സൂചിപ്പിക്കാനും കഴിഞ്ഞു. ഐകകണ്ഠേനയുള്ള പല തീരുമാനങ്ങളും സൂചിപ്പിക്കുന്നത് സ്വതന്ത്രവും തുറന്നതുമായ ഇൻഡോ - പസിഫിക് എന്ന സംഘടനയുടെ ലക്ഷ്യവുമായി അംഗരാജ്യങ്ങൾ കൂടുതൽ ഇണങ്ങിച്ചേരുന്നു എന്നതാണ്. ഇത് ഇതേ ലക്ഷ്യത്തിനായുള്ള മേഖലയിലെ മറ്റു രാജ്യങ്ങളുടെ ശ്രമങ്ങൾക്ക് പിൻതുണയായി മാറും.

ACHARYA
An influential mentor

ഇത്തരത്തിൽ സംഘടനയിൽ കൂടുതൽ ഐക്യം പ്രകടമാകുമ്പോഴും പല വിഷയങ്ങളിലും അംഗരാജ്യങ്ങൾക്ക് ഒരേ അഭിപ്രായമില്ല. മ്യാൻമാറിനെതിരെ ഉപരോധം കൊണ്ടുവരുന്നതിന് അമേരിക്ക പിന്തുണയ്ക്കുമ്പോഴും, ഇന്ത്യ അതിനോട് യോജിക്കുന്നില്ല. ഉക്രൈൻ വിഷയത്തിൽ, ഇന്ത്യ ഒഴികെയുള്ള അംഗരാജ്യങ്ങൾ ആശങ്ക പ്രകടിപ്പിക്കുമ്പോൾ ഇന്ത്യ പ്രതികരിക്കാൻ തയ്യാറായില്ല.

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം , 'A Planetary Adjustment'

മനുഷ്യൻ കൃഷി വലിയ തോതിൽ ആരംഭിച്ചതും പിന്നീട് നെൽക്കൃഷിക്കും ഗോതമ്പു കൃഷിക്കും കൂടുതൽ പ്രാധാന്യം നൽകിയതും, പിന്നീട് കൃഷിക്കും മറ്റുമായി വാങ്ങൽ നശിപ്പിച്ചതും നിലവിലെ കാലാവസ്ഥ വ്യതിയാനത്തിന് ഒരു കാരണമാണ്. കാർഷിക മേഖലയ്ക്കൊപ്പം തന്നെ വ്യവസായ മേഖലയും

അന്തരീക്ഷ മലിനീകരണത്തിന് കാരണമാണ്. ഇരു മേഖലയിൽ നിന്നായാലും കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കൂടുതലും അനുഭവിക്കുന്നത് പാവപ്പെട്ടവരാണ്.

വലിയ എഞ്ചിനീയറിംഗ് പ്രൊജെക്ടുകൾ താങ്ങാൻ ഹിമാലയൻ ആവാസ വ്യവസ്ഥയ്ക്ക് കഴിയില്ല. അതുകൊണ്ടുതന്നെ ഹിമാലയൻ മേഖലയിലുള്ള വൻകിട പ്രൊജെക്ടുകൾ വലിയ തോതിലുള്ള മണ്ണിടിച്ചിലിനും ഭൂകമ്പത്തിനും വെള്ളപ്പൊക്കത്തിനും കാരണമായിട്ടുണ്ട്.

അന്തരീക്ഷ മലിനീകരണത്തിലേക്കു നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന് ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ്. എന്നാൽ രാജ്യത്തെ വലിയ വിഭാഗം ആളുകൾക്കും ഹരിതോർജം ലഭ്യമാകാനാകാത്ത സാഹചര്യത്തിൽ ഫോസിൽ ഇന്ധനത്തിന്റെ തന്നെ ആശ്രയിക്കേണ്ടി വരുമെന്നതാണ് ഇന്ത്യയുടെ നിലപാട്. ഇത് രാജ്യത്തെ ആയിര കണക്കിന് പേര് കാലാവസ്ഥ വ്യതിയാനത്തിന്റെ ഇരകളായി തുടർന്നേക്കാമെന്ന മുന്നറിയിപ്പാണ് നൽകുന്നത്. രാജ്യം എത്രയും പെട്ടെന്ന് ഹരിതോർജത്തിലേക്കു മാറേണ്ടതിന്റെ ആവശ്യകത ഇത് ചൂണ്ടിക്കാണിക്കുന്നു.

ACHARYA

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം, foreign quarter'

സ്വകാര്യ കമ്പനികൾ സാമൂഹിക മാധ്യമങ്ങളിൽ നടത്തിയ പോസ്റ്റിംഗിന്റെ പേരിൽ ദക്ഷിണകൊറിയൻ സ്ഥാനപതിയെ വിളിച്ചു വരുത്തിയതും സിങ്കപ്പൂർ ഉപ-പ്രധാനമന്ത്രിയുടെ ഇന്ത്യയെ കുറിച്ചുള്ള ചില പ്രസ്താവനകളുടെ പേരിൽ സംഗപ്പൂർ ഹൈ കമ്മീഷണറെ വിളിച്ചു വരുത്തിയതും ഇന്ത്യക്ക് നേരെ വിദേശ രാജ്യങ്ങളിൽ നിന്നും ഉണ്ടാകുന്ന വിമർശനങ്ങളെ തികച്ചും അസഹിഷ്ണുതയോടെ കാണുന്നതിന് ഉദാഹരണമായി പറയേണ്ടിവരും.

നെഹ്രുവിന്റെ കാലത്ത് ഇന്ത്യൻ രാഷ്ടീയത്തിൽ ഉണ്ടായിരുന്ന മൂല്യങ്ങൾ ഇപ്പോൾ നഷ്ടപ്പെട്ടു എന്നും ഇന്ന് ഇന്ത്യൻ പാർലിമെന്റിലെ പകുതിയോളം പേരിലും ക്രിമിനൽ കുറ്റങ്ങൾ ഉണ്ടെന്നാണ് മനസിലാക്കാൻ സാധിക്കുന്നത് എന്നുമാണ് സിംഗപ്പൂർ ഉപ-പ്രധാനമന്ത്രി പറഞ്ഞത്. ക്രിമിനൽ കുറ്റങ്ങളിൽ

പലതും രാഷ്ട്രീയവൈരാഗ്യം കാരണമാകാം എന്നും അദ്ദേഹം പറയുന്നുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതവുമല്ല.

ഇന്ത്യൻ രാഷ്ട്രീയത്തിൽ ആദ്യകാലഘട്ടത്തിൽ ഉണ്ടായിരുന്ന മൂല്യങ്ങളെ തിരിച്ചറിഞ്ഞ അദ്ദേഹം ഇപ്പോൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉണ്ടായ മൂല്യച്യുതി ചൂണ്ടിക്കാണിക്കുകയാണുണ്ടായത്. എന്നാൽ ഇതിന്റെ പേരിൽ ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടായ ശക്തമായ പ്രതികരണം സിംഗപ്പൂരുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പരിശോദിക്കുമ്പോൾ വലിയ അലയൊലികൾ ഉണ്ടാക്കിയേക്കില്ല. എങ്കിലും കൂടുതൽ പക്വതയോടെ ഇത്തരം വിഷയങ്ങൾ ഇന്ത്യ കൈകാര്യം ചെയ്യേണ്ടതാണ്.

ACHARYA
An influential mentor